(ബി) ഓരോ ജില്ലയിലും നിയമന അറിയിപ്പ് എത്ര ഉദ്യോഗാർത്ഥികൾക്ക് നൽകിയിട്ടുണ്ട് എന്നതിന്റെ ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഇതിൽ നിന്ന് നാളിതുവരെ ഓരോ ജില്ലകളിലും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഒഴിവുകളുടെ എണ്ണത്തിന്റെ ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ലാസ്റ്റ് ഗ്രേഡ് തസ്തികയിലേയ്ക്കുള്ള നിയമനം

(97) ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വിവിധ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നുള്ളവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഇതിന്റെ സംവരണക്രമം വെളിപ്പെടുത്താമോ;

(ബി) ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ലാസ്റ്റ് ഗ്രേഡ് തസ്തിക ഉൾപ്പെടെ നിലവിലുള്ള എല്ലാ തസ്തികകളിലേയും ഒഴിവുകൾ യഥാസമയം പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യണമെന്ന കർശന നിർദ്ദേശം നിലവിലുണ്ട്.

ഡ്രൈവർ തസ്തികയിലെ റാങ്ക് ലിസ്റ്റ്

(99) ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിൽ ഡ്രൈവർ തസ്തികയിലേക്ക് പി.എസ്.സി തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ തിരുവനന്തപുരം ജില്ലയിൽ ഇതിൽ നിന്നും എത്ര നിയമനം നടത്തിയിട്ടുണ്ടെന്നും ലിസ്റ്റിന്റെ കാലാവധി എപ്പോൾ അവസാനിക്കുമെന്നും വ്യക്തമാക്കാമോ;

(ബി) സ്ഥിരം തസ്തികകളിൽ റാങ്ക്ലിസ്റ്റ് നിലവിലുള്ളപ്പോൾപോലും ദിവസക്കൂലിക്കാരായ ഡ്രൈവർമാരെ നിയമിക്കുന്നതായുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) എങ്കിൽ ഏതൊക്കെ വകുപ്പുകളിൽ ഇപ്രകാരം ദിവസക്കൂലിക്കും കരാറടിസ്ഥാനത്തിലും ഡ്രൈവർമാർ ജോലി ചെയ്യുന്നുണ്ടെന്നും അവരുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) സെക്രട്ടേറിയറ്റിൽ ഇപ്രകാരം ഡ്രൈവർമാർ ജോലി ചെയ്യുന്നെങ്കിൽ ഏതൊക്കെ വകുപ്പുകളിൽ എത്രപേർ എന്നും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ അതേ തസ്തികയിൽ നിയമിച്ചിട്ടുള്ള താൽക്കാലിക ജീവനക്കാർക്ക് സർക്കാർ ഖജനാവിൽ നിന്നും ശമ്പളം നൽകാൻ പാടില്ലെന്ന കോടതിവിധി ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത വിധിക്കെതിരെ പ്രവർത്തിച്ചിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ പേരിൽ ശിക്ഷാ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി)&(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) ഉണ്ട്.

(എഫ്) ബഹു. കോടതിയുടെ ഈ വിധിയുടെ പകർപ്പ് എല്ലാ വകുപ്പു തലവൻമാർക്കും നിയമനാധികാരികൾക്കും അതിലെ നിർദ്ദേശം കർശനമായി പാലിക്കുന്നതിലേയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശന ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ആശ്രിത നിയമനം

(101) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം ആശ്രിതനിയമന പദ്ധതി പ്രകാരം 1999 ആഗസ്റ്റ് വരെ എത്രപേരെ നിയമിച്ചിട്ടുണ്ട്;

(ബി) ഏതുവർഷം വരെയുള്ള അപേക്ഷകർക്കാണ് നിയമനം നൽകിയിട്ടുള്ളത്;

(സി) വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക്-പ്യൂൺ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര എന്ന് വെളിപ്പെടുത്തുമോ;

(ഡി) 6.6.1996-ൽ ആശ്രിത നിയമന വ്യവസ്ഥയിൽ അപേക്ഷ നൽകുകയും 3.11.1997-ലെ ജി.ഒ. (എം.എസ്) നം.433/97/ജി.ഇ.ഡി.എൻ., ടി.വി.എം., പ്രകാരം ഉത്തരവ് ലഭിക്കുകയും ചെയ്ത ശ്രീ. മുഹമ്മദ് ഷാഫി, കമുകറ കോണത്തുവീട്, കൊച്ചാലുംമൂട്, കന്യാകുളങ്ങര എന്ന ആളിന് എന്ന് നിയമന ഉത്തരവ് നൽകാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ജോലി വാഗ്ദാനം നൽകി പണം വാങ്ങുന്നതായുള്ള പരാതി

(107) ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly